# കുടുംബത്തിന്റെ സുകൃതം ഐശ്വര്യത്തിന്റെ അടിസ്ഥാനം

**എടപ്പാൾ ഗോവിന്ദൻ മാസ്റ്റർ**

*ജ്യോതിഷകുലപതിയായിരുന്ന എടപ്പാൾ ശൂലപാണിവാര്യരുടെ മകൻ. സമ്പന്നമായ ജ്യോതിഷ പാരമ്പര്യത്തിലെ കണ്ണി. ജ്യോതിഷശാസ്ത്രത്തിൽ അണുവിട വെള്ളം ചേർക്കാത്ത സമീപനംകൊണ്ട് ശ്രദ്ധേയനായ ഗോവിന്ദൻ മാസ്റ്റർ ഹയർ സെക്കന്ററി സ്കൂൾ റിട്ട: പ്രിൻസിപ്പാളാണ്. നിരവധി ഗ്രന്ഥങ്ങൾ പ്രസിദ്ധീകരിച്ചിട്ടുണ്ട്.*

ഒരു വ്യക്തിയുടെ ഭാഗ്യനിർഭാഗ്യങ്ങൾ, ഈശ്വരാധീനം, ജീവിതാവസ്ഥകൾ, സ്വഭാവപ്രത്യേകതകൾ തുടങ്ങിയവയെയൊക്കെ അയാളുടെ ജാതകം സ്വാധീനിക്കുന്നു. എന്നാൽ ഇവയെ ഇതുപോലെതന്നെ നിർണ്ണായകമായി സ്വാധീനിക്കുന്ന മറ്റൊരു ഘടകമാണ് അയാൾ ജനിച്ചുവളർന്ന കുടുംബം. ആ കുടുംബത്തിന്റെ പാരമ്പര്യം, തലമുറതലമുറയായി കൈമാറിവരുന്ന സുകൃതം, പുണ്യം എന്നിവയും ദുഷ്കൃതം പാപം എന്നിവയും നിശ്ചയമായും ആ കുടുംബത്തിലെ ഓരോ വ്യക്തിയെയും സ്വാധീനിക്കും.

വ്യക്തമായ ജാതകഗുണങ്ങളും ശുഭയോഗങ്ങളുമുള്ള ചിലർ പക്ഷേ ജീവിതത്തിൽ അതനുസരിച്ചുള്ള ഉയർച്ച നേടാതെപോകുന്നതു കണ്ടിട്ടുണ്ട്. എത്ര ശുഭകർമ്മങ്ങളും പൂജകളും വഴിപാടുകളുമൊക്കെ നടത്തിയിട്ടും ഇവരുടെ ക്ലേശങ്ങൾ ഒഴിയുന്നില്ല, ജീവിതത്തിൽ പുരോഗതി കൈവരിക്കാനാകുന്നില്ല. ഇതിന്റെ കാരണം ചിലപ്പോൾ നാം അന്വേഷിക്കേണ്ടത് അയാളുടെ കുടുംബപാരമ്പര്യത്തിലായിരിക്കും. കുടുംബത്തിൽ തലമുറതലമുറയായി കൈമാറിവന്ന ദുഷ്കൃതങ്ങളാകാം അയാളുടെ ദുരിതങ്ങൾക്കു കാരണം. കാര്യമായ ജാതകഗുണങ്ങളോ കഴിവുകളോ ഇല്ലാതെ ചിലർ ജീവിതത്തിൽ ഉയർച്ച പ്രാപിക്കുന്നതും നാം കാണാറുണ്ട്. ഇതു ചിലപ്പോൾ അയാളുടെ കുടുംബത്തിലെ പൂർവ്വികർ ചെയ്ത സത്കർമ്മങ്ങളുടെയും സുകൃതങ്ങളുടെയും പുണ്യസഞ്ചയം മൂലമാകാം. മുൻതലമുറകൾ സത്കർമ്മങ്ങൾ ചെയ്ത്, നന്മയും കാരുണ്യവും പുലർത്തി, ധാർമ്മികതയിൽ നിന്നു വ്യതിചലിക്കാതെ ജീവിച്ചവരാണെങ്കിൽ അതുവഴി സഞ്ചയിക്കപ്പെടുന്ന പുണ്യം വരുംതലമുറകൾക്ക് നിശ്ചയമായും ഗുണാനുഭവങ്ങളും സുരക്ഷയും നൽകും. എന്നാൽ ഉത്കടമായ പാപകർമ്മങ്ങളും ക്രൂരപ്രവൃത്തികളും ചെയ്തിട്ടുള്ള പൂർവ്വികരുടെ കുടുംബങ്ങളിലെ പിൻതലമുറയെ മാറാദുരിതങ്ങൾ ബാധിക്കും. ഇത് പലയിടത്തും കണ്ടുവരുന്ന അനുഭവമാണ്. നാം ചെയ്യുന്ന സത്കർമ്മങ്ങളുടെ ഗുണങ്ങൾ നമുക്കു മാത്രമല്ല നമ്മുടെ പിൻതലമുറയ്ക്കും ഗുണാനുഭവങ്ങൾ നൽകും എന്നതാണ് ഇവിടെ മനസ്സിലാക്കേണ്ടത്.

എന്നാൽ ഇവിടെ മറ്റൊരു കാര്യവും പ്രത്യേകം ഓർമ്മിക്കേണ്ടതുണ്ട്. പൂർണ്ണമായ സുകൃതമോ ദുഷ്കൃതമോ ഉള്ള കുടുംബങ്ങൾ ഉണ്ടാവുകയില്ല. ഏത് കുടുംബത്തിലും സുകൃത ദുഷ്കൃതങ്ങൾ കൂടിക്കലർന്ന പാരമ്പര്യംതന്നെയാകും ഉണ്ടാവുക. ചില കുടുംബങ്ങളിൽ സുകൃതവും പുണ്യവും അധികരിച്ചിരിക്കും. ചില കുടുംബങ്ങളിലാകട്ടെ ദുഷ്കൃതവും പാപവുമാവും അധികരിച്ചിരിക്കുക. സുകൃതികളുടെ കുടുംബത്തിൽ ഈശ്വരീയമായ കർമ്മങ്ങൾ അനുഷ്ഠിക്കുക വഴി ആ സുകൃതവും ഐശ്വര്യവും ക്ഷയിക്കാതെ നിലനിൽക്കും. ഐശ്വര്യം അഹങ്കാരത്തിന് വഴിമാറരുത് എന്നുമാത്രം. ദുഷ്കൃതങ്ങൾ ചെയ്തവരുടെ കുടുംബങ്ങളിൽ കൂടുതൽ ശ്രദ്ധയോടും നിഷ്ഠയോടുമുള്ള ദൈവികകർമ്മങ്ങൾ തുടർച്ചയായി നടത്തുകയും ധാർമ്മികമായ ജീവിതരീതി പുലർത്തുകയും ചെയ്യേണ്ടത് ആവശ്യമാണ്. എങ്കിൽ മാത്രമേ ഈ ദുഷ്കൃതങ്ങൾ അകന്ന് ശുഭാനുഭവങ്ങൾ കൈവരികയുള്ളൂ.

ഒരുവന്റെ തൊഴിൽ, ഐശ്വര്യം, ആരോഗ്യം, ജീവിതത്തിലെ മംഗളകർമ്മങ്ങൾ തുടങ്ങിയവയൊക്കെ പുഷ്ടവും പൂർണ്ണവും ശുഭകരവുമാകണമെങ്കിൽ കുടുംബത്തിൽ ദുഷ്കൃതങ്ങൾ അകലുകയും സുകൃതം വർദ്ധിക്കുകയുംതന്നെ വേണം. അതിന് അനുഷ്ഠിക്കാവുന്ന ഏറ്റവും ഫലപ്രദമായ രണ്ടു കർമ്മങ്ങൾ താഴെ പറയുന്നു.

## കുടുംബദേവതയുടെ അനുഗ്രഹം സർവ്വപ്രധാനം

തലമുറയായി കുടുംബത്തിൽ ആരാധിച്ചും അങ്ങനെ പരിപോഷിപ്പിച്ചും അടുത്ത തലമുറയിലേക്ക് പകർന്നുനൽകുന്ന ദേവചൈതന്യത്തിന്റെ മൂർത്തീരൂപമാണ് ആ കുടുംബത്തിന്റെ പരദേവത. ഒരിക്കലും മുറിയാത്ത അഥവാ മുറിയരുതാത്ത ഒരു തൈലധാര പോലെയാണ് ആ ചൈതന്യം തലമുറകളിലേക്ക് പകർന്നു കിട്ടേണ്ടത്. ആ പരദേവതയുടെ പ്രസാദമില്ലെങ്കിൽ ജീവിതത്തിൽ ഒന്നിനും പൂർണ്ണതയുണ്ടാകില്ല. ജീവിതത്തിൽ ഉയർച്ചയും മംഗളവുമുണ്ടാകില്ല. ധർമ്മദൈവത്തിന് മുൻകാലങ്ങളിൽ തുടർന്നു വന്നിരുന്ന പൂജാനുഷ്ഠാനങ്ങൾ മുറതെറ്റാതെ തുടർന്നുപോരുക എന്നതാണ് ധർമ്മദൈവപ്രീതിക്കുള്ള മാർഗ്ഗം.

## ദുഷ്കൃതങ്ങൾ അകറ്റുന്ന ദേവീമാഹാത്മ്യം

ദുഷ്കൃതങ്ങൾ അകറ്റുന്നതിനും സുകൃതം വർദ്ധിപ്പിക്കുന്നതിനും ദേവിയോളം ശക്തിവിശേഷം മറ്റാർക്കുമില്ല. ദേവീമാഹാത്മ്യത്തിന്റെ ഒടുവിൽ പാരായണം ചെയ്യേണ്ട അതിവിശിഷ്ടമായ ദേവ്യപരാധ ക്ഷമാപണസ്തോത്രത്തിൽ *പാപഘ്നീ തത്സമാ നഹി* എന്നാണല്ലോ ശങ്കരാചാര്യർതന്നെ പറഞ്ഞിട്ടുള്ളത്. നാമൊക്കെ അറിഞ്ഞോ അറിയാതെയോ പല പാപകർമ്മങ്ങളും ചെയ്തിരിക്കാം. അവയെയൊക്കെ ദേവി ക്ഷണത്തിൽ അകറ്റിക്കളയുന്നു.

വർഷത്തിലൊരിക്കൽ കുടുംബാംഗങ്ങൾ ഒത്തുചേർന്ന് കുടുംബക്ഷേത്രത്തിൽ വച്ചോ മൂലകുടുംബസ്ഥാനത്തുവച്ചോ ദേവീമാഹാത്മ്യം പാരായണം ചെയ്യുക. ഇത് ഏഴ്, ഒൻപത് തുടങ്ങിയ ദിവസങ്ങൾ കൊണ്ടോ ഒരു ദിവസത്തേക്കെങ്കിലുമോ നടത്താം. പാരായണസമാപനമായി ഭഗവതിസേവയോ ചണ്ഡികാഹോമമോ നടത്തുകയും ചെയ്യുക. കുടുംബാംഗങ്ങൾ കഴിയുന്നത്ര പാരായണത്തിൽ പങ്കാളികളാകുന്നത് ഫലം ഇരട്ടിപ്പിക്കും. വെള്ളിയാഴ്ചകളിലോ അഷ്ടമി, നവമി, ചതുർദ്ദശി തുടങ്ങി ദേവീപ്രധാനങ്ങളായ ദിവസങ്ങളിലോ സമാപിക്കത്തക്കവിധം ഇതു ക്രമീകരിക്കുന്നത് വിശേഷമായിരിക്കും. വർഷം തോറും ഇങ്ങനെ അനുഷ്ഠിക്കുന്നതു മൂലം ദേവിയുടെ അപാരമായ അനുഗ്രഹവും സുരക്ഷയും കൈവരുമെന്നതിൽ തർക്കമില്ല.

ഇതുപോലെതന്നെ ജാതകദോഷങ്ങളുടെ കാര്യവും. ജീവിതത്തിന്റെ ഉയർച്ചയെ ബാധിക്കുന്ന പല ജാതകപ്രത്യേകതകളുമുണ്ടാകാം. അതുപോലെ മറ്റു പല ബാധാദോഷങ്ങളും ഒരുവനെ ജീവിതത്തിൽ പിന്നോട്ടടിപ്പിക്കാം. ഇങ്ങനെയുള്ളവർ ദേവീമാഹാത്മ്യം പാരായണം ചെയ്തുനോക്കൂ. ഭക്തിവിശ്വാസങ്ങളോടെ, ധാർമ്മികതയോടെ ദേവീമാഹാത്മ്യത്തെ സ്വീകരിക്കുന്നവനെ ദേവി കൈവിടില്ല എന്നതു പ്രസിദ്ധമാണല്ലോ.

## അതിശയകരമായ ഒരു നിമിത്തം

അതിശയകരമായ ഒരു നിമിത്തത്തിന്റെ പശ്ചാത്തലത്തിലാണ് ഈ കുറിപ്പ് എഴുതുന്നത്. ഒറ്റപ്പാലത്തിനടുത്തുള്ള പാലപ്പുറം ചിനക്കത്തൂർ അത്യധികം ശക്തിവിശേഷങ്ങളുള്ള പ്രസിദ്ധമായ ഒരു ദേവീക്ഷേത്രമാണ്. തെക്കു ദർശനമായ ക്ഷേത്രംതന്നെ ഒരു അപൂർവ്വതയാണ്. ആ ക്ഷേത്രസന്നിധിയിൽ ദേവപ്രശ്നം നടത്താൻ ഈ ലേഖകന് അവസരമുണ്ടായി. മാർച്ച് 12, 13 തീയതികളിലായിരുന്നു ദേവപ്രശ്നം. ആ ക്ഷേത്രത്തിലെ ദേവീചൈതന്യത്തെക്കുറിച്ചും പ്രത്യേകതകളെക്കുറിച്ചും ചിന്തിച്ചും ചർച്ച ചെയ്തും ഇരിക്കുകയായിരുന്നു മാർച്ച് 11 ന്. അപ്പോഴാണ് ഒരു സുഹൃത്ത് അയച്ച കൊറിയർ ലഭിക്കുന്നത്. ആകാംക്ഷയോടെ പായ്ക്കറ്റ് തുറന്നുനോക്കി. സാക്ഷാൽ ദേവീമാഹാത്മ്യം! അങ്ങനെയൊരു ഗ്രന്ഥം അയച്ചതായി സുഹൃത്ത് അറിയിച്ചിരുന്നുമില്ല. ദേവീക്ഷേത്രത്തിലെ ദേവപ്രശ്നത്തിന് തൊട്ടുമുമ്പ്, ദേവീചൈതന്യത്തെക്കുറിച്ച് ചിന്തിച്ചുകൊണ്ടിരുന്നപ്പോൾത്തന്നെ ദേവീമാഹാത്മ്യം കൈയ്യിലെത്തിയത് അതിശയകരമായ ഒരു നിമിത്തമായി എല്ലാവർക്കും തോന്നി. ദേവിയുടെ അപരിമിതമായ ചൈതന്യവിശേഷം ആ ഗ്രന്ഥത്തിനുമുണ്ട് എന്നതിന് ഇതിൽപ്പരം ഒരു തെളിവു വേണ്ടല്ലോ. അതിമനോഹരമായ ആ ഗ്രന്ഥം കയ്യിലെടുക്കുമ്പോൾത്തന്നെ ആ ചൈതന്യം അനുഭവവേദ്യമാകും. കറകളഞ്ഞ ഉപാസകനായ ഹരിഹരകൃഷ്ണശർമ്മയുടെ പരിഭാഷ ശാസ്ത്രവിധികൾ കൃത്യമായി പാലിച്ചുകൊണ്ടുള്ളതും എന്നാൽ ലളിതവുമാണ്. അമ്മയ്ക്ക് കുഞ്ഞിനോടും തിരിച്ചും തോന്നുന്ന സ്നേഹം എത്രയോ ലളിതവും നിർമ്മലവുമാണ്. അതുപോലെ ലളിതമായിരിക്കണം ദേവീഭക്തിയും. അതിന് ഈ ഗ്രന്ഥം നിങ്ങളെ വളരെയധികം സഹായിക്കും എന്നുറപ്പ്.